(സി) ജനമൈത്രി സംവിധാനം ഉപയോഗിച്ച് ബോധവൽക്കരണം നടത്തിയും സൈബർ കുറ്റകൃത്യങ്ങളെ സംബന്ധിച്ച് അവബോധം വളർത്തിയും ഒറ്റപ്പാലം പോലീസ് സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

യുവജനങ്ങളുടെ ഇടയിൽ വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ

128 (7691) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

യുവജനങ്ങളുടെ ഇടയിൽ വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നതിന് ദൃശ്യ-പത്രമാധ്യമങ്ങളിലൂടെയും മറ്റും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

ജനമൈത്രി പോലീസ് പദ്ധതി, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി എന്നിവ മുഖേനയും വിവിധ റസിഡൻഷ്യൽ അസോസിയേഷനുകൾ മുഖേനയും പൊതുജനങ്ങളുടെ ഇടയിൽ സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും സൈബർ തട്ടിപ്പുകളെക്കുറിച്ചും അവബോധം സൃഷ്ടിക്കുന്നതിന് ക്ലാസുകൾ സംഘടിപ്പിച്ചുവരുന്നു. കൂടാതെ ഇതുസംബന്ധിച്ച വിവരങ്ങൾ കേരള പോലീസിന്റെ വെബ്സൈറ്റിൽ പൊതുജനങ്ങളുടെ അറിവിലേക്കായി വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

കളമശ്ശേരി, കടകമ്പള്ളി ഭൂമി തട്ടിപ്പ് സി.ബി.ഐ. അന്വേഷണം

129 (7692) ശ്രീ. എസ്. ശർമ്മ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കളമശ്ശേരി, കടകമ്പള്ളി ഭൂമി തട്ടിപ്പ് കേസുകളുടെ അന്വേഷണവുമായി ബന്ധപ്പെട്ട് അന്വേഷണം നേരിടുന്ന ഉദ്യോഗസ്ഥൻ സംശയകരമായ സാഹചര്യത്തിൽ മരണപ്പെട്ടത് സിബിഐ.-യുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടോ ;

(ബി) മുഖ്യമന്ത്രിയുടെ ഓഫീസിലുണ്ടായിരുന്നയാൾക്കെതിരെ തെളിവുകൾ നൽകാനോ അന്വേഷണത്തിൽ സഹകരിക്കാനോ പോലീസിൽ ഉൾപ്പെടെയുള്ള സർക്കാർ ജീവനക്കാർ ഭയപ്പെടുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സി.ബി.ഐ. അന്വേഷണവുമായി സഹകരിച്ച് സത്യം പുറത്തു കൊണ്ടുവരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly